# ACCADEMIC MASTER PLAN

# 2025-26

## VIMALA HRIDAYA ENGLISH MEDIUM SCHOOL

## UDIYANKULANGARA

## ആമുഖം

എൽ.പി. ക്ലാസ്സുകളിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത് വായന വിവിധ വ്യവഹാര രൂപങ്ങൾ സ്വന്തമായ പ്രതികരണങ്ങൾ ശില്പശാല സംയുക്ത ഡയറി സചിത്ര പുസ്തകം സ്വന്തമായ രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടതുണ്ട്. അക്കാദമിക് നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. അക്കാദമിക മാസ്റ്റർ പ്ലാൻ വഴി ഭാഷയിലെ വിവിധതരം പ്രവർത്തനങ്ങൾ കുട്ടി സ്വയം സ്വായത്തമാക്കണം, എന്നത് ഉൾക്കൂടി ഓരോ മാസവും വിവിധ പ്രവർത്തനഘട്ടങ്ങളിലൂടെ കുട്ടിയും രക്ഷിതാവും അധ്യാപികയും ഇണങ്ങിച്ചേരുന്നു. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഈ അധ്യയന വർഷത്തിൽ കുട്ടി രക്ഷിതാവ് അധ്യാപകർ മറ്റ് സഹായികൾ ഉൾപ്പെടുത്തിക്കൊണ്ട് ജൂൺ മുതൽ മാർച്ചുവരെയുള്ള കാലയളവിൽ നടപ്പിലാക്കേണ്ടതും തുടർ പ്രവർത്തന

സാധ്യതകളുമായ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യത ഉറപ്പാക്കിക്കൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

## ലക്ഷ്യങ്ങൾ

- എൽ.പി ക്ലാസ്സുകളിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാരങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ/കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ പറയുവാനും എഴുതി പ്രകടിപ്പിക്കുന്നതിനുമുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.
- രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ, അവ നവമാധ്യമങ്ങളിൽ പങ്കിടൽ
- ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.

- കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശില്പശാലകൾ നടത്തുന്നു.
- തിയേറ്റർ സാധ്യതകൾ, വായനക്കേളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കുന്നു.
- ലിപികൾ തിരിച്ചറിഞ്ഞ് മുതിർന്നവരുടെ സഹായത്തോടെ എഴുതുന്നു, വായിക്കുന്നു.
- കുട്ടികൾ തങ്ങളുടെ ആശയങ്ങൾ പങ്കിട്ട് ചെറുകഥ, പുസ്തകം രൂപപ്പെടുത്തുന്നു.
- പ്രവർത്തന ലക്ഷ്യങ്ങൾ
- ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
- സർഗ്ഗശേഷികൾ കൈവരിക്കുന്നു.
- പാട്ടുകൾ, വീഡിയോസ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു.
- രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.

ജൂൺ

## പ്രവർത്തനങ്ങൾ

- ചിത്ര നോട്ട്ബുക്ക്, ചിത്ര ആസൂത്രണം, അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ.
- ചിത്ര ഡയറി, സംയുക്ത ഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.
- ചിത്ര കാർഡുകൾ, വായന കാർഡുകൾ തയ്യാറാക്കൽ.
- താളാത്മകമായി ചെറുകവിതകൾ ചൊല്ലൽ.

ജൂലൈ

## പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ.
- കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ
- വായന മൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ
- രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു.
- പുസ്തകങ്ങൾ, തൊട്ടറിയാനും നിറങ്ങളും എടുത്തു നോക്കാനും അവസരം ഒരുക്കുന്നു.

- അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
- ചിത്രവായനക്ക് അവസരം ഒരുക്കുന്നു.
- വാചികമായി പറയാനും അവസരം നൽകുന്നു.

ഓഗസ്റ്റ്

## പ്രവർത്തനങ്ങൾ

- റീഡേഴ്സ് തിയേറ്റർ, നിർമ്മാണ ശില്പശാല, പാട്ടരങ്ങ് മലയാളം മധുരം പ്രവർത്തനങ്ങൾ
- ഭാഷാവികസനത്തിന് അവസരം ഒരുക്കുന്നു.
- സംയുക്ത ഡയറി എഴുത്ത് തുടരുന്നു.
- പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മക-മായി അവതരിപ്പിക്കുന്നു.
- ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ, ചിത്രവായന കാർഡുകൾ എന്നിവ തയ്യാറാക്കുന്നു. അവതരിപ്പിക്കുന്നു.
- രചനോത്സവത്തിൽ കുട്ടികൾ സ്വതന്ത്ര രചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു.

- ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
- ആശയഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു.

സെപ്റ്റംബർ

## പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു.
- സ്വന്തം രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു.
- ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.
- അനുഭവാധിഷ്ഠിതമായ ഭാഷാപഠനം സ്വന്തമാക്കാൻ അവസരം ഒരുക്കുന്നു.
- വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു.
- കുട്ടികളെ സ്വന്തം രചയിതാക്കളും വായനക്കാരുമായി മാറുന്നു.

ഒക്ടോബർ

**പ്രവർത്തനങ്ങൾ**

- വായനോത്സവം സംഘടിപ്പിക്കുന്നു.
- ആസ്വാദ്യകരമായ വായന നടത്തുന്നു.
- ചിത്ര വായനക്ക് അവസരം ഒരുക്കുന്നു.
- രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വന്തം രചനകൾ പ്രദർശിപ്പിക്കുന്നു.
- ഭാഷാ പ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കുകയും ചെയ്യുന്നു.

നവംബർ

**പ്രവർത്തനങ്ങൾ**

- സംയുക്ത ഡയറി എഴുതി കൂട്ടുകാരെ മെച്ചപ്പെടുത്തി സ്വന്തം രചയിതാക്കൾ ആകുന്നു.
- കൂട്ടുവായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
- വായനോത്സവം തുടങ്ങുന്നു.
- പത്രവായനയ്ക്ക് അവസരം ഒരുക്കൽ.

- താളാത്മകമായി കവിതകൾ ചൊല്ലൽ.
- ചെറിയ വായന കാർഡുകൾ ബാലസാഹിത്യകൃതികൾ എന്നിവ ഉപയോഗിച്ച് പരസ്പരം സഹായിച്ച് കൂട്ടുവായന നടത്തുന്നു.
- ക്ലാസ് പത്രം രൂപപ്പെടുത്തുന്നു.

ഡിസംബർ

## പ്രവർത്തനങ്ങൾ

- രചനശേഷി പരിപോഷിപ്പിക്കൽ.
- ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു.
- രണ്ടോ മൂന്നോ പേരടങ്ങുന്ന ചെറുഗ്രൂപ്പുകളായി തിരിഞ്ഞ് പരസ്പരം സഹായിച്ച് കൂട്ടെഴുത്ത് നടത്തുന്നു.
- കണ്ടതും കേട്ടതുമായ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും കഴിയുന്നു.

ജനുവരി

## പ്രവർത്തനങ്ങൾ

- തിയേറ്റർ സന്ധ്യകൾ വായനകേളികൾ എന്നിവ

ഉപയോഗിച്ച് കുട്ടികളെ സ്വതന്ത്രവായനക്കാരാക്കുന്നു.

- കുട്ടികളുടെ സർഗ്ഗശേഷികൾ പൊതുസദസിനു മുന്നിൽ അവതരിപ്പിക്കുന്നു.
- കുട്ടികളുടെ സ്വന്തം രചനകൾ ചേർത്ത് കുഞ്ഞെഴുത്തുപുസ്തകം തയ്യാറാക്കുന്നു.

ഫെബ്രുവരി

## പ്രവർത്തനങ്ങൾ

- ശാസ്ത്രോത്സവം രചനോത്സവം എന്നീ ശാസ്ത്ര പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.
- ആശയ പൂർണ്ണതയോടെ നല്ലവയ രചനകൾ നടത്തുന്നു.
- ശാസ്ത്രോത്സവത്തിൽ ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു.

മാർച്ച്

## പ്രവർത്തനങ്ങൾ

- കുട്ടികൾ തയ്യാറാക്കിയ കഥകൾ, കവിതകൾ, പുസ്തക രൂപത്തിൽ ആക്കുന്നു.

- വിട്ടുവായന, കൂട്ടുവായന, അമ്മവായന, ചങ്ങല വായന, സ്വന്തവായന, ഇവയ്ക്ക് പ്രോത്സാഹനം ഒരുക്കുന്നു.

## വിലയിരുത്തൽ പ്രവർത്തനങ്ങൾ.

- കുട്ടികൾ സ്വതന്ത്ര രചയിതാക്കളായി മാറിയിട്ടുണ്ട്.
- കുട്ടികളുടെ രചനകൾ ചേർത്ത് കുഞ്ഞെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.
- സംയുക്ത ഡയറിവഴി മികച്ച നേട്ടം കൈവരിക്കുന്നു.
- ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുത്സവത്തിലെ മികവുകൾ അവതരിപ്പിക്കുന്നു.
- എല്ലാ കുട്ടികളുടെയും സചിത്ര പാഠപുസ്തകത്തിൽ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്.

## ഉപസംഹാരം

എല്ലാ അർത്ഥത്തിലും മികവിന്റെ കേന്ദ്രമായി വിദ്യാലയത്തെ മാറ്റിയെടുക്കുകയും അതുവഴി പൊതുസമൂഹത്തിന് ഒന്നിച്ച്

ഉളവാക്കുന്നതിനും വേണ്ടിയാണ് ഇത്തരത്തി
ലുള്ള ഒരു രേഖ നാം മുൻകൂട്ടി തയ്യാറാക്കിയിരി
ക്കുന്നത്. ഇപ്പോൾ നമുക്ക് ലഭ്യമായിട്ടുള്ള സൗക
ര്യങ്ങൾ വച്ച് ഇത്തരത്തിൽ ഒരു രേഖ തയ്യാറാക്കി
അതിന്റെ അടിസ്ഥാനത്തിൽ അത് പ്രാവർ
ത്തികമാക്കണമെങ്കിൽ രക്ഷിതാക്കളുടെയും,
അധ്യാപകരുടെയും കുട്ടികളുടെയും കൂട്ടായ
സഹകരണം ആവശ്യമാണ്.